**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3644** **12-03-2025 - ൽ മറുപടിയ്ക്ക്**

**മാനസിക, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ബുദ്ധിപരവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ സമഗ്ര പുരോഗതിക്ക് സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനുവേണ്ടി പുനരധിവാസം, ആരോഗ്യം, സ്വയം തൊഴിൽ, വിദ്യാഭ്യാസം, തൊഴിൽ സംവരണം എന്നീ മേഖലകളിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>**I. പുനരധിവാസം**<br><br>കേരളത്തിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ താഴെപ്പറയുന്ന സർക്കാർ ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>1. പ്രത്യാശാ ഭവൻ<br><br>2. പ്രിയാ ഹോം (സ്ത്രീകൾ)<br><br>3. പുണ്യ ഭവൻ, കോഴിക്കോട്<br><br>4. പ്രതീക്ഷ ഭവൻ, മലപ്പുറം<br><br>5. NGO സഹകരണത്തോടെ പുതിയ പ്രതീക്ഷാഭവനുകൾ ആരംഭിക്കുന്ന പദ്ധതി<br><br>ബൗദ്ധിക വെല്ലുവിളി നേരിടുന്ന മുതിർന്നവരുടെ പുനരധിവാസത്തിനായി NGO പങ്കാളിത്തത്തോട് കൂടി പ്രതീക്ഷാഭവനുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനു വേണ്ടി സംസ്ഥാനത്തിന്റെ മൂന്നു മേഖലകളിലായി സാമൂഹ്യനീതി വകുപ്പിനു കീഴിൽ അന്താരാഷ്ട്രനിലവാരത്തിലുള്ള മൂന്നു പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുവാൻ സാമൂഹ്യനീതി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ അഴൂർ വില്ലേജ്, മലപ്പുറം ജില്ലയിലെ കുറുമ്പത്തൂർ വില്ലേജ് എന്നിവിടങ്ങളിൽ നിന്നും പദ്ധതിയ്ക്കായി ഭൂമി അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം, മലപ്പുറം ജില്ലകളിൽ കണ്ടെത്തിയ ഭൂമിയിൽ പദ്ധതി നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കി വരുന്നു. |

**II. സ്വയം തൊഴിൽ**

സാമൂഹ്യനീതിവകുപ്പ് നടപ്പിലാക്കുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ മുഖേന മാനസിക ബൗദ്ധികവെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ സാമൂഹ്യനീതി വകുപ്പിന്റെ സ്വാശ്രയ പദ്ധതിയിലൂടെയും മാനസിക ബൗദ്ധിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെയും അവരുടെ കുടുംബത്തിന്റെയും ഉന്നമനം ലക്ഷ്യമാക്കുന്നുണ്ട്. സ്നേഹയാനം പദ്ധതി ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ്.

**നിയമപരമായ രക്ഷകർതൃത്വം**

നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഭിന്നശേഷിയുള്ള വ്യക്തികൾക്ക് 18 വയസ്സ് കഴിഞ്ഞാലും നിയമപരമായ തീരുമാനങ്ങൾ കൈകൊള്ളുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ ഇവരുടെ സ്വത്ത് സംബന്ധമായും മറ്റുമുള്ള കാര്യങ്ങളിൽ ഇവരെ പ്രതിനിധീകരിക്കുന്നതിന് നിയമപരമായ രക്ഷാകർതൃത്വം അനുവദിച്ച് നൽകുന്നുണ്ട്. ജില്ലാ കളക്ടർ ചെയർമാനായ നാഷണൽ ട്രസ്റ്റിന്റെ ലോക്കൽ ലെവൽ കമ്മറ്റിയാണ് ഇത് നൽകുന്നത്.

## CDMRP (Community Disability Management and Rehabilitation Programme)

സമൂഹത്തിൽ പ്രത്യേക പരിഗണനയും, പരിചരണവും ആവശ്യമുള്ള ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡിസബിലിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് വൈകല്യങ്ങളുടെ പ്രതിരോധം, ചികിത്സാ, പുനരധിവാസ പരിശീലന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ, 2015-16 സാമ്പത്തിക വർഷം മുതൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് CDMRP. ഈ പദ്ധതിക്ക് കീഴിൽ മൂന്നു ജില്ലകളിലുമായി 10 കമ്മ്യൂണിറ്റി ക്ലിനിക്കുകളും, കാലിക്കറ്റ് യൂണിവേഴ്സിറ്റി മന:ശാസ്ത്ര വിഭാഗത്തിന് കീഴിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ അഡ്വാൻസ്ഡ് ഡിസബിലിറ്റി മാനേജ്മെന്റ് ക്ലിനിക്കും പ്രവർത്തിച്ചു വരുന്നുണ്ട്.

**ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ**

2016 ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 50, ഭിന്നശേഷി അവകാശ ചട്ടം (കേരള) 2020, റൂൾ 12(1) എന്നിവ പ്രകാരം സംസ്ഥാനത്ത് ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സാമൂഹ്യനീതി വകുപ്പിൽ നിന്നും രജിസ്ട്രേഷൻ നൽകി വരുന്നുണ്ട്.

**പ്രചോദനം**

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉൾപ്പെടെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം കുട്ടികൾക്ക് വ്യക്തമായ പാഠ്യപദ്ധതിയിലൂടെയുള്ള നൈപുണ്യ വികസനവും തൊഴിൽ പരിശീലനവും നൽകുന്നതിന് ലക്ഷ്യംവയ്ക്കുന്നതാണ് പ്രചോദനം പദ്ധതി.

**III. തൊഴിൽ സംവരണം**

RPwD Act 2016 സെക്ഷൻ 34 (1) പ്രകാരം 21 തരം ഭിന്നശേഷി വിഭാഗക്കാരെ 5 വിഭാഗങ്ങളായി തരംതിരിച്ചിട്ടാണ് 4% സംവരണം നൽകുന്നത്. ഇതിൽ 1% ഓട്ടിസം, ബൗദ്ധിക വെല്ലുവിളി, നിർദ്ദിഷ്ട പഠന ന്യൂനത, മാനസിക രോഗം, ബഹുപരിമിതി (ബധിരാന്ധത ഉൾപ്പെടെ) എന്നിവർക്ക് സംവരണം ചെയ്തിരിക്കുന്നു.

**IV. വിദ്യാഭ്യാസം**

സംസ്ഥാനത്ത് ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസവകുപ്പ് മുഖാന്തരം സർക്കാർ പ്രത്യേക സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.

**V. അതിതീവ്ര ഭിന്നശേഷിയുള്ള 18 വയസ്സിന് മുകളിലുള്ളവരുടെ തൊഴിൽ പരിശീലനത്തിനായി അതിജീവനം, പ്രചോദനം എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.**

**VI. സാമൂഹ്യ സുരക്ഷ, ആരോഗ്യം, പുനരധിവാസം, വിനോദം**

1600/- രൂപ നിരക്കിലുള്ള ക്ഷേമ പെൻഷൻ അനുവദിച്ച് വരുന്നു. കൂടാതെ സ.ഉ. (എം.എസ്) നം. 97/2020/ധന തീയതി 23.09.2020 ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരനായ വ്യക്തിക്ക് ഭിന്നശേഷി പെൻഷന് പുറമേ മറ്റൊരു സാമൂഹ്യസുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്.

**കേരള സാമൂഹ്യസുരക്ഷാ മിഷൻ (KSSM)**

ബൗദ്ധികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ സമഗ്ര പുരോഗതിക്ക് കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. സ്പെഷ്യൽ അംഗൻവാടികൾ

2. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ

3. സ്പെക്ട്രം

സ്പെക്ട്രം ചുവടെ പറയുന്ന പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.

a. ഓട്ടിസം സെന്ററുകൾ

b. റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ, തൃശ്ശൂർ

| | | | |
|---|---|---|---|
| | | | c. ചൈൽഡ് ഡെവലപ്മെന്റ് ആന്റ് റിസർച്ച് സെന്റർ, തൃശ്ശൂർ<br><br>d. Comprehensive Autism Resource Book<br><br>4. ഹോട്ടികൾച്ചർ തെറാപ്പി<br><br>5. പേരന്റ് എംപവർമെന്റ് പ്രോഗ്രാം<br><br>6. തെറാപ്പി സെന്ററുകൾക്കായുള്ള മാർഗ്ഗരേഖ<br><br>ഭിന്നശേഷി വ്യക്തികൾക്കായി കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരമുള്ള തിരിച്ചറിയൽ കാർഡ് സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന ആവശ്യമായ നടപടി സ്വീകരിച്ച് വരുന്നു. എല്ലാ ഭിന്നശേഷിക്കാർക്കും UDID കാർഡ് സമയബന്ധിതമായി നൽകുന്നതിനായി ക്യാമ്പുകൾ, അദാലത്തുകൾ സംഘടിപ്പിച്ച് വരുന്നു. |
| (ബി) | കേന്ദ്രസർക്കാർ ഡി.ഡി.ആർ.എസ് ഗ്രാൻഡ് (ദീൻ ദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം) നൽകുന്ന സ്പെഷ്യൽസ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രായപരിധി 23 വയസ്സാണ് എന്നിരിക്കെ സംസ്ഥാനത്ത് സംസ്ഥാന സർക്കാർ അംഗീകാരം നൽകി ഗ്രാന്റ് നൽകുന്ന സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രായപരിധി 18 വയസ്സിൽ നിന്ന് 23 വയസ്സായി പുനർ നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | വിഷയം പരിശോധിച്ച് വരുന്നു. |
| (സി) | 2016 ലെ ആർ.പി.ഡബ്ല്യു.ഡി. ആക്ടിൽ ഭിന്നശേഷിക്കാർക്ക് മറ്റ് വിഭാഗങ്ങളെക്കാൾ 25% പെൻഷൻ അധികം നൽകണമെന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ ഇവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ 2000 രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | 18 വയസിന് മുകളിലുള്ളതും 80% ഭിന്നശേഷിയുള്ളവരുമായവർക്ക് മാത്രം കേന്ദ്ര സർക്കാർ 300 രൂപ നിരക്കിൽ പെൻഷൻ അനുവദിച്ച് വരുമ്പോൾ കേരളത്തിൽ 40 ശതമാനത്തിന് മുകളിൽ ഭിന്നശേഷിയുള്ള എല്ലാ വ്യക്തകൾക്കും അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രതിമാസം 1600/- രൂപ എന്ന നിരക്കിൽ ആണ് പെൻഷൻ അനുവദിക്കുന്നത്. സംസ്ഥാനം നിലവിൽ നൽകുന്ന ഭിന്നശേഷി പെൻഷൻ കേന്ദ്ര നിരക്കിന്റെ അഞ്ച് മടങ്ങിലധികം ആണ്.<br><br>കൂടാതെ സ.ഉ(എം.എസ്) നം.97/2020/ധന തീയതി 23.09.2020 ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരനായ വ്യക്തിക്ക് ഭിന്നശേഷി പെൻഷന് പുറമേ മറ്റൊരു സാമൂഹ്യസുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുമുണ്ട്. |
| (ഡി) | ഭിന്നശേഷി മെഡിക്കൽ സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും സമയബന്ധിതമായി നൽകുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | സംസ്ഥാനത്ത് 377811 പേർക്ക് നിലവിൽ UDID card ലഭ്യമാക്കിയിട്ടുണ്ട്.<br><br>മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | 18 വയസ്സിന് മുകളിൽ പ്രായമുള്ള മാനസിക, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് മുൻകാലങ്ങളിൽ ബജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ ഇവ ചെലവഴിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ? | (ഇ) | ഭിന്നശേഷിക്കാരുടെ പുനരധിവാസവും ഉന്നമനവും NGO സഹകരണത്തോടെ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിരിക്കുന്ന സമഗ്രപദ്ധതിയാണ് "അതിജീവനം". വിവിധ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരുടെ സാമൂഹ്യസുരക്ഷാ മേഖലയിലെ വ്യത്യസ്തങ്ങളായ ആവശ്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ/പ്രാദേശിക സർക്കാരുകൾ/ സർക്കാരിതര ഏജൻസികൾ എന്നിവയിലൂടെ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സമ്പൂർണ്ണ സുരക്ഷിതത്വം നൽകി മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് അതിജീവനം പദ്ധതിക്ക് രൂപം നൽകിയത്. ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, പകൽ പരിപാലന കേന്ദ്രങ്ങൾ, കാഴ്ചവൈകല്യമുള്ളവർക്കും, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും വിവരസാങ്കേതിക വിദ്യയിലൂടെ ഉന്നമനം ലക്ഷ്യമിടുന്ന പദ്ധതി, മാനസികവെല്ലുവവിളി നേരിടുന്നവർക്കുള്ള മാതൃക പുനരധിവാസ പരിപാടി, ഭിന്നശേഷിക്കാർക്കുള്ള മുഖ്യധാര പുനരധിവാസം ഉറപ്പുവരുത്തുന്നതിനുള്ള നൂതന പദ്ധതികൾ എന്നിവ അതിജീവനം എന്ന സമഗ്ര പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. അതിജീവനം പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | അലോട്ട്മെന്റ് ലഭ്യമായ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2020-21 | 80.70807 | 80.69 |
| 2021-22 | 77.66 | 77.55 |
| 2022-23 | 140.67262 | 140.67262 |
| 2023-24 | 137.20922 | 137.20922 |
| 2024-25 | 68.5501 | 67.1901 |

ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കു വേണ്ടി തൊഴിലധിഷ്ഠിത/ വൈദഗ്ധ്യവികസനത്തിനു വേണ്ടിയുള്ള പദ്ധതികളുടെ ഒരു സമഗ്ര പ്രൊപ്പോസൽ തയ്യാറാക്കുന്നതിന്റെ ഭാഗമായി "പ്രചോദനം" എന്ന പേരിൽ പുതിയ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. കൃഷിയ്ക്ക വേണ്ടിയുള്ള പ്രത്യേക പാഠ്യപദ്ധതി, കാർഷികേതര വ്യാപാരത്തിനുള്ള പ്രത്യേക പാഠ്യപദ്ധതി, മൃഗസംരക്ഷണത്തിനുള്ള പ്രത്യേക പാഠ്യപദ്ധതി എന്നീവിഭാഗങ്ങളിലുള്ള പാഠ്യ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിലേക്കായി തയ്യാറാക്കിയ പാഠ്യ പദ്ധതികൾ പരിശോധിക്കുന്നതിനും ആവശ്യമായ മാറ്റങ്ങൾ വരുത്തി

| | | | |
|---|---|---|---|
| | | | സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുമായി സാമൂഹ്യനീതി ഡയറക്ടർ അദ്ധ്യക്ഷനായി സ.ഉ (സാധാ) നം.27/2024/സാനീവ തീയതി 23/01/2024 പ്രകാരം കരിക്കുലം കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ